FINAL

# CHAIR FOR CHRISTIAN STUDIES

UNIVERSITY OF CALICUT

## HCC - I ANNUAL EXAMINATION 2025-26

HCC I | Total Marks : 80

Reg. No : | Time : 2 Hrs

### Part I

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.** **8x1=8**

1. കൃപാവരത്തിന്റെ ഫലദായകമായ അടയാളങ്ങളും ഉപാധികളും എന്ത്?
(കൂദാശകൾ, കൂദാശാനുകരണങ്ങൾ, വി. കുർബാന)

2. വചനം ഫലം ചൂടുന്നത് എങ്ങനെ?
(പ്രവർത്തിയാൽ, പ്രാർത്ഥന വഴി, കൂദാശകൾ വഴി)

3. ജനുവരി 6-ന് സഭ ആഘോഷിക്കുന്ന തിരുനാൾ?
(ദനഹാ, മംഗളവാർത്ത, രൂപാന്തരീകരണം)

4. സഭാ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ക്രമീകരിക്കുകയും ചെയ്യുന്ന നിയമങ്ങൾ?
(സുവിശേഷ നിയമങ്ങൾ, കാനൻ നിയമങ്ങൾ, ധാർമിക നിയമങ്ങൾ)

5. മൂറോൻ എന്ന ഗ്രീക്ക് പദത്തിന്റെ അർഥം?
(അഭിഷേകം, തൈലം, ഒരുക്കം)

6. പെസഹാ രഹസ്യത്തിന്റെ പ്രഖ്യാപനവും ആഘോഷവും?
(സുവിശേഷം, ആരാധനാക്രമം, വിശ്വാസാഘോഷങ്ങൾ)

7. എന്താണ് സനാതന സൗന്ദര്യം?
(സ്വർഗ്ഗം, ദൈവം, ദൈവികജീവൻ)

8. നന്മ പിന്തുടരാനുള്ള സ്ഥിരതയും ഉറപ്പും എന്താണ്?
(മനഃസ്ഥൈര്യം, വിവേകം, നീതിബോധം)

**ഒറ്റവാക്കിൽ ഉത്തരമെഴുതുക.** **10x1=10**

9. ധാർമിക നിയമങ്ങളുടെ പൂർത്തീകരണം ആരിലാണ്?
10. ദൈവത്തെ വിശുദ്ധ ലിഖിതത്തിന്റെ ഗ്രന്ഥകാരൻ എന്ന് വിളിച്ചതാര്?
11. പഴയനിയമത്തിൽ എത്ര പുസ്തകങ്ങൾ ഉണ്ട്?
12. സുവിശേഷ പ്രഘോഷണം ആരുടെ ദൗത്യമാണ്?
13. സപ്രാ എപ്പോൾ ചൊല്ലുന്ന പ്രാർത്ഥനയാണ്?
14. ഗാർഹിക സഭ ഏത്?
15. ക്രിസ്തീയ ജീവിതയാത്രയുടെ അന്തിമലക്ഷ്യം?
16. നന്മയുടെ അടിസ്ഥാനം?
17. ദൈവിക വെളിപാടിന്റെ പൂർണ്ണത ആരിലാണ്?
18. വസ്തുക്കളോടോ വ്യക്തികളോടോ തോന്നുന്ന അമിത ആകർഷണം?

**രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക.** **7x2=14**

19. രണ്ടു തരത്തിലുള്ള തിന്മയുടെ ബാഹ്യശക്തികൾ ഏതൊക്കെ?
20. വിശുദ്ധ ഗ്രന്ഥത്തിൽ കാണുന്ന സ്വർഗ്ഗത്തിന്റെ പ്രതീകങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക.
21. 'ബിബ്ലിയ' എന്ന ഗ്രീക്ക് പദത്തിന്റെ രണ്ട് അർത്ഥങ്ങൾ ഏവ?
22. സുകൃതങ്ങൾ എന്നതുകൊണ്ട് എന്ത് മനസ്സിലാക്കുന്നു?
23. ദൈവാവിഷ്കരണം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
24. സഹനങ്ങൾ എങ്ങനെ സന്തോഷകരമാക്കാം എന്ന് ജീവിതത്തിലൂടെ കാണിച്ചുതന്ന ഭാരതത്തിലെ രണ്ടു വിശുദ്ധരുടെ പേരെഴുതുക.
25. പാപകരമായ മനഃസാക്ഷി എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?

**മൂന്നോ നാലോ വാക്യങ്ങളിൽ ഉത്തരമെഴുതുക.** **4x4=16**

26. വിശുദ്ധ ലിഖിതത്തിന്റെ അർത്ഥതലങ്ങളെ നാലായി സംഗ്രഹിച്ചിരിക്കുന്നു. ഏതൊക്കെ?
27. ക്രിസ്തീയ സന്തോഷത്തിന്റെ അടിസ്ഥാന ആശയങ്ങളിൽ ഏതെങ്കിലും നാലെണ്ണം എഴുതുക.
28. മനഃസാക്ഷിയുടെ രൂപീകരണം തെറ്റുന്നതെപ്പോൾ?
29. വചനം ശ്രവിക്കാൻ മറിയം നമുക്ക് മാതൃകയാകുന്നതെങ്ങനെ?

**നോട്ട് കുറിക്കുക.** **1x5=5**

30. സുവിശേഷവൽക്കരണം

**വിശദീകരിച്ച് ഉത്തരമെഴുതുക. (ഏതെങ്കിലും ഒരെണ്ണം)** **1x7=7**

31. "നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്" എന്ന് പറയുന്നതുവഴി അർത്ഥമാക്കുന്നതെന്ത്?

*അല്ലെങ്കിൽ*

വചനത്തിന്റെ ധർമ്മം. വിശദീകരിക്കുക

## Part II

**ഒറ്റവാക്കിൽ ഉത്തരമെഴുതുക.** **7x1=7**

32. ബൈബിളിലെ പുസ്തകങ്ങളെ അധ്യായങ്ങൾ ആയി തിരിച്ചത് ആര്?
33. കുടുംബങ്ങൾക്കായി 'ചാവരുൾ' എഴുതിയതാര്?
34. "വി. ഗ്രന്ഥത്തെക്കുറിച്ചുള്ള അജ്ഞത മിശിഹായെക്കുറിച്ചുള്ള അജ്ഞതയാണ്." ആരാണ് പറഞ്ഞത്?
35. ഏറ്റവും കൂടുതൽ ചാക്രിക ലേഖനം എഴുതിയ മാർപാപ്പ?
36. 'ജനതകളുടെ പുരോഗതി' എന്ന ചാക്രിക ലേഖനം പുറപ്പെടുവിച്ച മാർപാപ്പ?
37. 'സത്യത്തിന്റെ പ്രഭ' എന്ന ചാക്രിക ലേഖനത്തിന്റെ ഉള്ളടക്കം?
38. 'വിശ്വാസത്തിന്റെ വെളിച്ചം' ഏത് മാർപാപ്പയുടെ ചാക്രിക ലേഖനമാണ്?
39. സന്തോഷത്തിന്റെ രണ്ടാമത്തെ രഹസ്യം എഴുതുക. **2**
40. പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ – ഏതെങ്കിലും രണ്ടെണ്ണം എഴുതുക. **2**

**രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരം എഴുതുക.**

41. സ്നേഹത്തിന്റെ ഫലങ്ങൾ എന്താണ്? (CCC 1829) **3**
42. ഒരുവന് തന്റെ പ്രവൃത്തി നന്മയോ തിന്മയോ എന്ന് എങ്ങനെ മനസിലാകും? (YOUCAT 291- ന്റെ വെളിച്ചത്തിൽ വ്യക്തമാക്കുക) **3**
43. വചനം പൂർത്തിയാക്കുക.
"പ്രാർത്ഥനകൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും ..................................................................." (മർക്കോ. 9/29) **3**